മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: ആ പൊറീഷനെപ്പറ്റി അന്വേഷണം നടത്തിയതു് ആരാണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉടനെ അന്വേഷണം നടത്തിയതു് അസിസ്റ്റാണ്ടു് ടെക്നിക്കൽസ്റ്റു് കമ്മീഷ്ണരാണു്.

CREMATION GROUND FOR DEPRESSED CLASSES

31. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) ആലപ്പാട്ടം പരിസരങ്ങളിലുമുള്ള അധഃകൃതക്കു് ഒരു ശ്മശാനസ്ഥലം ഉണ്ടാക്കി കൊടുക്കണമെന്നു തദ്ദേശവാസികളായ അധഃകൃതർ ഗവണ്മെണ്ടിലേക്കു് വല്ല നിവേദനവും സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു്;

(ബി) ഗവണ്മെണ്ടു് ഇക്കാര്യത്തിൽ എന്തു നടപടിയാണു് എടുത്തിട്ടുള്ളതു്?

റാവുസാഹിബു് കെ. അയ്യപ്പൻ:

(എ) ഉവ്വു്. 1947 ജൂലായ് 1-ാംന്നു-യിൽ.

(ബി) പ്രസ്തുത ആവശ്യത്തിലേക്കു് ഒരു പറ്റിയ സ്ഥലം അകപ്പെടുത്തുവാൻ ആലോചിച്ചുവരികയാണു്.

Mr. President : Mr. K. Kochukuttan has authorised Mr. K. S. Panicker for putting the question.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: 1947-ലേക്കെങ്കിലും ഈ ശ്മശാനത്തിന്റെ പണി പൂർത്തിയാക്കുവാൻ സാധിക്കുമോ?

റാവുസാഹിബു് കെ. അയ്യപ്പൻ: ഇതിനെസംബന്ധിച്ചു് ചില സ്ഥലങ്ങളും എടുക്കുവാൻ തീർച്ചയാക്കിയപ്പോൾ, ആ സ്ഥലം എടുക്കുന്നതിനെ ആക്ഷേപിച്ചുകൊണ്ടു് ഒരു ഡെപ്യൂട്ടേഷൻ വന്നു, അപ്പോൾ വേറെ സ്ഥലം അന്വേഷിക്കയാണു് ചെയ്തതു്. ഇതു് സ്ഥാപിക്കുന്നതിന്നുള്ള ആളുകളുടെ എതിരുവരും. അപ്പോൾ വേറെ സ്ഥലം അന്വേഷിക്കേണ്ടിവരും. അങ്ങിനെ അന്വേഷിച്ചു് തിരഞ്ഞെടുത്തേണ്ടിവരുന്നതുകൊണ്ടാണു് ഇത്രയും താമസിക്കുന്നതു്. അല്ലാതെ ഈ കാര്യത്തിൽ യാതൊരു അശ്രദ്ധയുമില്ല.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഈ സ്ഥലത്തു് ഈഴവർക്കു് ഭൂമിയില്ലേ?

റാവുസാഹിബു് കെ. അയ്യപ്പൻ: അവിടെ ഈഴവരെല്ലാം ദരിദ്രരായിരിക്കണമെന്നില്ല

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഈഴവരുടെ ഭൂമികൾ അകപ്പെടുത്തുകയാണെങ്കിൽ അതിൽ ആക്ഷേപത്തിന്നു് വഴിയുണ്ടാവുകയില്ലല്ലൊ?

റാവുസാഹിബു് കെ. അയ്യപ്പൻ: അകപ്പെടുത്തുന്നതു് ഈഴവന്റെ ഭൂമിയാണെങ്കിലും ആക്ഷേപമുണ്ടാകും.

മിസ്റ്റർ പി. നാരായണമേനോൻ: ഈ സ്ഥലത്തു് പൊതു ശ്മശാനങ്ങളേതെങ്കിലുമുണ്ടോ?

റാവുസാഹിബു് കെ. അയ്യപ്പൻ: രണ്ടുനാഴിക അകലെയായിട്ടു് ചാഴൂർ ഒരു പൊതു ശ്മശാനമുണ്ടു്.

മിസ്റ്റർ കെ. കെ. കണ്ണൻ: അധകൃതക്കു് പ്രത്യേകം സ്ഥലംകൊടുക്കുവാൻ വിരോധമുണ്ടോ?

റാവുസാഹിബു് കെ. അയ്യപ്പൻ: വിരോധമില്ല.

മിസ്റ്റർ പി. കെ. ഡീവർ: ആ സ്ഥലം ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാർ നോക്കിയതിന്നുശേഷമല്ലെ എടുക്കുവാൻ തീരുമാനിച്ചതു്?

റാവുസാഹിബു് കെ. അയ്യപ്പൻ: അതെ; പ്രൊട്ടക്ടർ പോയി സ്ഥലംനോക്കി എടുക്കുവാൻ നിശ്ചയിച്ചപ്പോഴാണു് ആളുകൾ അതിനെപ്പറ്റി അറിയുവാനും, ആവലാതിപ്പെടാനും ഇടയായതു്.

മിസ്റ്റർ പി. നാരായണമേനോൻ: സവർണ്ണർക്കും, അവർണ്ണർക്കും പ്രത്യേകം അടക്കമുണ്ടെന്നു് വലിയ ആക്ഷേപമായിട്ടു് വിചാരിക്കുന്ന ഈ രാജ്യത്തിൽ മരിച്ചുകഴിഞ്ഞാലെങ്കിലും ആ അസമത്വം ദൂരീകരിക്കുവാൻ വിചാരിക്കുന്നുണ്ടോ?

Mr. President : That question does not arise here.

LIBRARY ARCHIVES Kerala Legislative Assembly